"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**



**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - പ്ലാന്റേഷൻ കോർപ്പറേഷനിലെ സീനിയർ അസിസ്റ്റന്റ് തസ്തികയിലുള്ള ശ്രീമതി റീനി ചാക്കോയുടെ അന്യത്ര സേവന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (പി.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1119/2023/AGRI തീയതി,തിരുവനന്തപുരം, 27-11-2023

---

പരാമർശം:-

1. 03.09.2021 ലെ സ.ഉ.(സാധാ)697/2021/കൃഷി
2. 24.09.2022 ലെ സ.ഉ.(സാധാ)838/2022/കൃഷി
3. പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 01.09.2023 ലെ പി.&എ/എഫ്/2482 നം. കത്തും അതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിൽ നിന്നുള്ള നിരാക്ഷേപ പത്രവും

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടറുടെ സെക്രട്ടറിയായ ശ്രീമതി:റീനി ചാക്കോയെ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിലെ സീനിയർ അസിസ്റ്റന്റായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുകയും, തുടർന്ന് ടിയാരിയുടെ പ്ലാന്റേഷൻ കോർപ്പറേഷനിലെ അന്യത്ര സേവന കാലാവധി പരാമർശം (2) ലെ ഉത്തരവ് പ്രകാരം 09.09.2022 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവായിരുന്നു.

2. ശ്രീമതി:റീനി ചാക്കോയുടെ പ്ലാന്റേഷൻ കോർപ്പറേഷനിലെ അന്യത്ര സേവന കാലാവധി 08.09.2023 ന് അവസാനിച്ച സാഹചര്യത്തിൽ, നിലവിൽ കോർപ്പറേഷനിൽ സീനിയർ അസിസ്റ്റന്റ് തസ്തികയുടെ ഒഴിവുള്ളതിനാലും ശ്രീമതി:റീനി ചാക്കോയുടെ സേവന പരിചയം കണക്കിലെടുത്തും ടിയാളുടെ അന്യത്ര സേവന കാലാവധി 09.09.2023 മുതൽ ഒരു വർഷത്തേയ്ക്ക കൂടി നീട്ടി നൽകണമെന്ന് പ്ലാന്റേഷൻ കോർപ്പറേഷൻ ഡയറക്ടർ ബോർഡ് തീരുമാനം, ടിയാളുടെ മാതൃസ്ഥാപനമായ ബേക്കൽ റിസോർട്ട്സ് ഡവലപ്മെന്റ് കോർപ്പറേഷനിൽ നിന്നുള്ള നിരാക്ഷേപ പത്രം എന്നിവ സഹിതം പരാമർശം (1) പ്രകാരം പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്ലാന്റേഷൻ കോർപ്പറേഷൻ ഡയറക്ടർ ബോർഡ് തീരുമാനം കണക്കിലെടുത്തും ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നുള്ള നിരാക്ഷേപ പത്രത്തിന്റെ അടിസ്ഥാനത്തിലും നിലവിലുള്ള അന്യത്ര സേവന വ്യവസ്ഥകൾക്ക് വിധേയമായും പ്ലാന്റേഷൻ കോർപ്പറേഷനിലെ സീനിയർ അസിസ്റ്റന്റ് തസ്തികയിലുള്ള ശ്രീമതി:റീനി ചാക്കോയുടെ അന്യത്ര സേവന കാലാവധി 09.09.2023 മുതൽ ഒരു വർഷത്തേയ്ക്ക കൂടി നീട്ടി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെസ്സി ജോർജ്
അഡിഷണൽ സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്. കോട്ടയം
2. മാനേജിംഗ് ഡയറക്ടർ,ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ, പാലക്കുന്ന്, ബേക്കൽ,

കാസർഗോഡ്

3. എല്ലാ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് ബോർഡ് അംഗങ്ങൾക്കും (പി.സി.കെ. എം.ഡി മുഖാന്തിരം)
4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ) തിരുവനന്തപുരം
5. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.
വിനോദസഞ്ചാര (ബി) വകുപ്പ് (TOUR-B1/176/2023-TOUR പ്രകാരം )